പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4773 | | 29.06.2012 ൽ മറുപടി യ്ക്കുണ്ടായിരുന്നത് |
|---|---|---|
| കേന്ദ്ര ബാലവികസന പദ്ധതി | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. മുരളീധരൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | കേന്ദ്ര ബാലവികസന പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (എ) ഐസിഡിഎസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതി യായതിനാൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള നടപടികളാണ് പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും വിജയകരമാക്കാനും സ്വീകരിച്ചുവരുന്നത്. ഇവയിൽ 2012-13 വർഷം നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) ശിശുപരിപാലനത്തിനും വികസനത്തിനും വേണ്ടി ആവിഷ്കരിക്കപ്പെട്ട ഐസിഡിഎസ് പദ്ധതിയിലൂടെ ഗ്രാമനഗര പ്രദേശങ്ങളിലും ആദിവാസി പ്രദേശങ്ങളിലും ഉള്ള 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുടെ വികസനത്തിനു വേണ്ടിയുള്ള സമഗ്ര സേവനങ്ങൾ നൽകുന്നു. ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹികവുമായ |

| | | |
|---|---|---|
| | | വികാസത്തിന് ശരിയായ അടിത്തറ പാകുക.<br>• 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ ആരോഗ്യ-പോഷണ നിലവാരം മെച്ചപ്പെടുത്തുക.<br>• ശിശുമരണം, രോഗാതുരത, പോഷണ വൈകല്യം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.<br>• വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.<br>• ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണ ആവശ്യകതയും ശ്രദ്ധിക്കാൻ തക്ക വിധത്തിൽ അമ്മയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അമ്മമാർക്ക് ആരോഗ്യ-പോഷണ വിദ്യാഭ്യാസം നൽകുക.<br>• പെൺകുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംരക്ഷിക്കുന്നതിനുമായി ഐസിഡിഎസ്, കഴിയുന്നത്ര നേരത്തെ ഇടപെടുന്നു. ഐസിഡിഎസ് പദ്ധതി അതിന്റെ സമഗ്ര സേവനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ലിംഗവിവേചനം കുറയ്ക്കാനുള്ള എല്ലാ സാഹചര്യങ്ങളും സൃഷ്ടിക്കുന്നു. |

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ; | (സി) കുട്ടികളുടെ ബഹുമുഖവും പരസ്പര ബന്ധമുള്ളവയുമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സമഗ്ര സേവനങ്ങൾ വളരെ ബൃഹത്തും ഫലവത്തുമായ രീതിയിലൂടെ സംയോജിതമായി നൽകുന്നു. ഐസിഡിഎസ് പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് ആരോഗ്യം, പോഷണം, ശൈശവകാല പരിചരണം,വിദ്യാഭ്യാസം ഇവ സംബന്ധിച്ച സേവനങ്ങൾ ലഭിക്കുന്നു. ഇതിനു പുറമെ മറ്റ് അനുബന്ധ സേവനങ്ങളായ സുരക്ഷിതമായ കുടിവെള്ളം, പരിസര ശുചിത്വം, വനിതാവികസനം, വിദ്യാഭ്യാസ പരിപാടികൾ എന്നിവ കൂടി ലക്ഷ്യമാക്കുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ? | (ഡി) കേന്ദ്ര സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതിയാണ് ഐസിഡിഎസ്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ സാമൂഹ്യ ക്ഷേമ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ